പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5577 06/07/2012-ൽ മറുപടിക്ക്.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പിനായി ഇൻഷ്വറൻസ് കമ്പനിയുമായി ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ**

ചോദ്യം

ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. പി. റ്റി. എ. റഹീം
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ചെന്താമരാക്ഷൻ

മറുപടി

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

**(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പിനായി ഇൻഷ്വറൻസ് കമ്പനിയെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ കമ്പനിയുമായി ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ വിശദമാക്കാമോ;**

**(എ) ഉണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെയ്ക്കുള്ള ഇൻഷ്വുറൻസ് പ്രീമിയം 1100/- രൂപയായാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. പദ്ധതി മാനദണ്ഡപ്രകാരമുള്ള സഹായത്തിന് പുറമേ കുടുംബത്തിലെ നാഥൻ/നാഥ അവരുടെ ഭർത്താവ്/ഭാര്യ എന്നിവർക്ക് അപകട മരണം സംഭവിച്ചാലും ഗുരുതരമായ തീപ്പൊള്ളൽ ഏറ്റാലും രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം ലഭിക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.**

**(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള ഏജൻസിയെ കണ്ടെത്താനുള്ള ടെണ്ടറിൽ എത്രപേർ പങ്കെടുക്കുകയുണ്ടായി; ഇതിൽ പൊതുമേഖലാ കമ്പനികൾ ഏതൊക്കെയായിരുന്നു; പ്രാഥമിക അയോഗ്യതകൾ കണ്ടെത്തിയ കമ്പനികളിൽ പൊതുമേഖലാ കമ്പനികൾ ഉണ്ടോ; ആർക്കൊക്കെ അർഹതയുണ്ടായിരുന്നുവെന്ന് അറിയിക്കുമോ;**

**(ബി) ആറ് കമ്പനികൾ പങ്കെടുക്കുകയുണ്ടായി. ഇതിൽ നാഷണൽ ഇൻഷ്വുറൻസ് കമ്പനി ലിമിറ്റഡ്, ന്യൂ ഇന്ത്യ അഷ്വുറൻസ് കമ്പനി ലിമിറ്റഡ്, ഓറിയന്റൽ ഇൻഷ്വുറൻസ് കമ്പനി ലിമിറ്റഡ്, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വുറൻസ് കമ്പനി ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.**

**ഉണ്ട്. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വു റൻസ് കമ്പനി ലിമിറ്റഡ്, ഐ.സി.ഐ.സി.ഐ. ലൊമ്പാർഡ് എന്നീ കമ്പനികൾക്കാണ് അർഹതയുണ്ടായിരുന്നത്.**

**(സി) പ്രീമിയം അടക്കുന്നതിനായി കണക്കാക്കപ്പെട്ട ഗുണഭോക്താക്കൾ എത്രയാണ്; ഇതിനായി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന തുക എത്ര; സംസ്ഥാനം ചെലവഴിക്കേണ്ടിവരുന്ന തുക എത്ര; അതിനായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്രയെന്ന് വിശദമാക്കുമോ?**

**(സി)**

| പദ്ധതി | ഗുണഭോക്താക്കൾ | കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന തുക | സംസ്ഥാനം ചിലവഴിക്കേണ്ടി വരുന്ന തുക | ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക |
|---|---|---|---|---|
| RSBY | 20 Lakh | 125 Crores | 95 Crores | 60 Crores (75 % CSS) |
| CHIS | 10 Lakh | 00 | 110 Crores | 200 crores |

**സെക്ഷൻ ഓഫീസർ**